ഭരണഭാഷ – മാതൃഭാഷ

കളക്ടറേറ്റ്,തൃശ്ശൂർ
പിൻകോഡ്–680003

ടെലിഫോൺ നമ്പർ–0487–2239530

Website–www.thrissur.nic.in

email–tsrcoll.ker@nic.in

**തൃശ്ശൂർ ജില്ലാ കലക്ടറുടെ നടപടിക്രമം**
**(ഹാജർ:– ഷാനവാസ് എസ്, ഐ.എ.എസ്.)**

വിഷയം: RFCTLARR Act 2013– ചാലക്കുടി താലൂക്ക് – വരന്തരപ്പിള്ളി വില്ലേജ് – കച്ചേരിക്കടവ് പാലം അനുബന്ധറോഡ് നിർമ്മാണത്തിന് ഭൂമി ഏറ്റെടുക്കൽ– സാമൂഹ്യ പ്രത്യാഘാത പഠന റിപ്പോർട്ട് സമുചിത ഗവണ്മെന്റ് പരിശോധിച്ച് ഉത്തരവാകുന്നു.

സൂചന: 1.പൊതുമരാമത്ത് വകുപ്പ് തൃശ്ശൂർ (റോഡ്സ് & ബ്രിഡ്ജസ്) എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ലെ 24/04/2017 ലെ എ 2–122/08 നം കത്ത്
2. പൊതുമരാമത്ത് വകുപ്പ് ,പാലങ്ങൾ വിഭാഗത്തിന്റെ 13/12/2019 ലെ എ 2–122/2008 നം കത്ത്
3. 03/07/2019 ലെ കേരള അസാധാരണ ഗസറ്റ് Form (4) വിജ്ഞാപനം
4. SIA യൂണിറ്റായ രാജഗിരി ഔട്ട്റീച്ച് 23/11/2019 തിയതിയിൽ സമർപ്പിച്ച സാമൂഹ്യ ആഘാത വിലയിരുത്തൽ പഠനത്തിന്റെ അന്തിമ റിപ്പോർട്ട്
5. വിദഗ്ധ സമിതി രൂപീകരിച്ചുകൊണ്ടുള്ള ഈ കാര്യാലയത്തിലെ 16/12/2019 ലെ ഇതേ നം. നടപടിക്രമം
6. 31/01/2020 ലെ വിദഗ്ധ സമിതി റിപ്പോർട്ട്

**ഉത്തരവ് നമ്പർ :–DCTSR/4941/2018–E5** **തീയതി:15/02/2020**

കച്ചേരിക്കടവ് പാലം അപ്രോച്ച് റോഡ് നിർമ്മാണത്തിനായി ചാലക്കുടി താലൂക്ക് വരന്തരപ്പിള്ളി വില്ലേജിൽ വിവിധ സർവ്വെ നമ്പറികളിൽപ്പെട്ട ഭൂമി ഏറ്റെടുക്കുന്നതിന് സൂചന (1) പ്രകാരം പൊതുമരാമത്ത് വകുപ്പ് തൃശ്ശൂർ (റോഡ്സ് & ബ്രിഡ്ജസ്) എക്സിക്യൂട്ടീവ് എഞ്ചിനീയറിൽ നിന്നും അർത്ഥനാപത്രം ലഭിച്ചിട്ടുള്ളതും ആയതുപ്രകാരം സ്പെഷ്യൽ തഹസിൽദാർ (എൽ.എ) ജനറൽ തൃശ്ശൂരിനെ ലാന്റ് അക്വിസിഷൻ ഓഫീസറായി നിയോഗിച്ചിട്ടുള്ളതുമാണ്. സൂചന (1) പ്രകാരമുള്ള അർത്ഥനയിൽ രേഖപ്പെടുത്തിയിട്ടുള്ള ഏറ്റെടുക്കേണ്ട ഭൂമിയുടെ സർവ്വെ നം , വിസ്തീർണ്ണം എന്നിവയിൽ വ്യത്യാസമുള്ളതായി കണ്ടെത്തിയതിനാൽ ആയതു പ്രകാരം പുതുക്കിയ അർത്ഥന സൂചന (2) പ്രകാരം സമർപ്പിച്ചിട്ടുള്ളതാണ്.

RFCTLARR Act 2013–ലെ സെക്ഷൻ (4) പ്രകാരം ഏറ്റെടുക്കുന്ന ഭൂമിയെ സംബന്ധിച്ച് സാമൂഹ്യ പ്രത്യാഘാതപഠനം നടത്തുന്നതിനായി SIA യൂണിറ്റായ രാജഗിരി ഔട്ട് റീച്ച് കളമശ്ശേരിയെ നിയമിച്ചിട്ടുള്ളതും, ടി യൂണിറ്റിനെ നിയമിച്ചുകൊണ്ട് RFCT LARR ചട്ടം 11(3) പ്രകാരമുള്ള Form (4) വിജ്ഞാപനം 03/07/2019 തിയ്യതിയിലെ 1468–ാം നം കേരള അസാധാരണ ഗസറ്റിലും വരന്തരപ്പിള്ളി ഗ്രാമപഞ്ചായത്ത്, ജില്ലാ കളക്ടറേറ്റ്, തൃശ്ശൂർ, റവന്യൂ ഡിവിഷണൽ ഓഫീസ് ഇരിങ്ങാലക്കുട, താലൂക്ക് ഓഫീസ് ചാലക്കുടി, ബാധിക്കപ്പെട്ടപ്രദേശം എന്നിവിടങ്ങളിലും ഔദ്യോഗിക വെബ് സൈറ്റിലും പ്രസിദ്ധപ്പെടുത്തിയിട്ടുള്ളതുമാണ്. ടി യൂണിറ്റ് പദ്ധതി പ്രദേശത്തെ സംബന്ധിച്ച സാമൂഹിക ആഘാത പഠനത്തിന്റെ അന്തിമ റിപ്പോർട്ട് സൂചന (4) പ്രകാരം സമർപ്പിച്ചിട്ടുള്ളതാണ്. പ്രസ്തുത റിപ്പോർട്ട് അവലോകനം നടത്തുന്നതിനായി സൂചന (5) പ്രകാരം വിദഗ്ധ സമിതിയെ രൂപീകരിച്ച് ഡോ. ജോർജ്ജ് അലക്സ്, അസോ.പ്രൊഫസർ, സെന്റ് തോമസ് കോളേജ് തൃശ്ശൂർ എന്നവരെ ടി സമിതിയുടെ ചെയർമാനായി ഉത്തരവായിട്ടുള്ളതാണ്.

SIA റിപ്പോർട്ട് അവലോകനത്തിന്റെയും സ്ഥലം സന്ദർശനത്തിന്റെയും അടിസ്ഥാനത്തിൽ വിദഗ്ധ സമിതി സൂചന(6) പ്രകാരം സമർപ്പിച്ച റിപ്പോർട്ടിലെ പ്രധാന വിലയിരുത്തലുകൾ താഴെ പറയും പ്രകാരമാണ്.

- വരന്തരപ്പിള്ളി പഞ്ചായത്തിലെ മുപ്ലിയം–വരന്തരപ്പിള്ളി പ്രദേശങ്ങളെ രണ്ടു ഭാഗങ്ങളിലായി

തിരിക്കുന്ന കുറുമാലിപ്പുഴക്കു കുറുകെയുള്ള പാലവും അനുബന്ധറോഡും നിർമ്മിക്കുന്നതിനായി ഭൂമി ഏറ്റെടുക്കുന്നത് പ്രദേശത്തിന്റെ പുരോഗതിക്കും വികസനത്തിനും അത്യന്താപേക്ഷിതമായ ഒരു പൊതു ആവശ്യമാണ്.

- ടി പദ്ധതി കൊടകരയിലെ വിപണിപ്രദേശവും വരന്തരപ്പിള്ളിയും തമ്മിലുള്ള ദൂരം നിലവിലെ 19 കി. മീ. ദൂരം 9 കി. മീറ്ററായി കുറയും. ഇത് യാത്രാക്ലേശത്തിന് പരിഹാരമാവുകയും പ്രദേശത്തിന്റെ വികസനത്തിന് കാരണമാവുകയും ചെയ്യുമെന്ന SIA റിപ്പോർട്ടിനോട് വിദഗ്ധ സമിതി യോജിക്കുന്നു.
- വിനോദസഞ്ചാരമേഖലയായ അതിരപ്പിള്ളി -വാഴച്ചാൽ ഭാഗവുമായി ബന്ധിപ്പിക്കുമെന്നതിനാൽ പ്രദേശത്തെ ടൂറിസം മേഖലയുടെ സമഗ്രപുരോഗതിക്കും ഉപകരിക്കുന്നതാണെന്ന SIA റിപ്പോർട്ടിനോട് വിദഗ്ധ സമിതി യോജിക്കുന്നു.
- ടി പദ്ധതിക്കാവശ്യമായ മിനിമം സ്ഥലം മാത്രമാണിത് എന്ന് വിദഗ്ധ സമിതി വിലയിരുത്തുന്നു.
- എട്ടു കുടുംബങ്ങളിൽപ്പെട്ട ഒൻപതു ഭൂവുടമകളുടെ വകയായി അടുത്തടുത്തു കിടക്കുന്ന 0.0721 ഹെക്ടർ സ്വകാര്യ ഭൂമിയാണ് പദ്ധതിക്കു വേണ്ടി ഏറ്റെടുക്കേണ്ടതെന്നും ആരുടെയും വീടുകൾ പദ്ധതിബാധിതമാകുന്നില്ലാത്തതിനാൽ കുടിയൊഴിപ്പിക്കേണ്ടി വരുന്നില്ല എന്ന് വിദഗ്ധ സമിതി വിലയിരുത്തുന്നു.
- ഏറ്റെടുക്കുന്ന സ്ഥലത്ത് പൊതു ഭൂമി , പൊതു സ്ഥാപനങ്ങൾ, മതസ്ഥാപനങ്ങൾ, വീടുകൾ, കൃഷിഭൂമി എന്നിവ നിലനിൽക്കുന്നില്ല എന്ന് വിദഗ്ധ സമിതിക്ക് ബോധ്യപ്പെട്ടിട്ടുള്ളതാണ്.
- നിർദ്ദിഷ്ട പദ്ധതിക്കുവേണ്ടി നിർദ്ദേശിക്കപ്പെട്ട 0.0721 ഹെക്ടർ ഭൂമി ഏറ്റെടുക്കുന്നത് സാമൂഹിക ആഘാതം കുറവും ടി പദ്ധതി മൂലം സമൂഹത്തിനുണ്ടാകുന്ന നേട്ടങ്ങൾ അതു മൂലമുണ്ടാകുന്ന നഷ്ടത്തേക്കാൾ വളരെയധികമാണ്. ടി ഭൂമി ഏറ്റെടുക്കുന്നതിനും ഇതിനെ തുടർന്ന് സ്ഥലം നഷ്ടപ്പെടുന്നവർക്ക് RFCTLARR Act 2013 പ്രകാരം ന്യായമായ നഷ്ടപരിഹാരം നൽകുന്നതിനുമുള്ള സാമൂഹ്യ ആഘാത പഠന റിപ്പോർട്ടിനോട് വിദഗ്ധ സമിതി യോഗം യോജിച്ചിട്ടുള്ളതും ശുപാർശ ചെയ്തിട്ടുള്ളതുമാണ്.

**മേൽ സാഹചര്യത്തിൽ കച്ചേരിക്കടവ് പാലം അപ്രോച്ച് റോഡ് നിർമ്മാണത്തിനായി തൃശ്ശൂർ ജില്ല ചാലക്കുടി താലൂക്ക് വരന്തരപ്പിള്ളി വില്ലേജ് സർവ്വെ നമ്പർ 1079/12, 1080/11, 1080/10, 1089/1, 1090/1, 1090/1 എന്നിവയിൽ ഉൾപ്പെട്ട 0.0721 ഹെക്ടർ സ്ഥലം ഏറ്റെടുക്കുന്നതിന് RFCT LARR Act 2013 സെക്ഷൻ 8(1),(2) എന്നിവ പ്രകാരം അംഗീകാരം നൽകി ഇതിനാൽ ഉത്തരവാകുന്നു.**

ഈ ഉത്തരവിന്റെ പകർപ്പ് സെക്ഷൻ 8(3) പ്രകാരം ബന്ധപ്പെട്ട സ്ഥലങ്ങളിൽ പ്രസിദ്ധപ്പെടുത്തുന്നതിനും ചട്ടം 17 (2) പ്രകാരം ബാധിക്കപ്പെട്ട പ്രദേശത്ത് പ്രചാരത്തിലുള്ള ഒരു മലയാള ദിനപത്രത്തിൽ പ്രസിദ്ധീകരിക്കുന്നതിനുമുള്ള തുടർനടപടികൾക്കായി സ്പെഷൽ തഹസിൽദാർ , (എൽ.എ) ജനറൽ തൃശ്ശൂരിനെ ചുമതലപ്പെടുത്തുന്നു.

ഒപ്പ്

DISTRICT COLLECTOR

സ്വീകർത്താവ്:

1.സ്പെഷൽ തഹസിൽദാർ (എൽ.എ) ജനറൽ, തൃശ്ശൂർ.(ബന്ധപ്പെട്ട സ്ഥലങ്ങളിൽ പ്രസിദ്ധപ്പെടുത്തിയ തിയ്യതി വിവരം റിപ്പോർട്ട് ചെയ്യുന്നതിനും മറ്റ് തുടർനടപടികൾക്കുമായി)

2.എക്സിക്യൂട്ടീവ് എഞ്ചിനീയർ, പൊതുമരാമത്ത് വകുപ്പ്, പാലങ്ങൾ വിഭാഗം, തൃക്കാക്കര, എറണാകുളം-682021

Signature Not Verified

Digitally signed by SHANAVAS S
Date: 2020.02.15 03:26:30 PST
Reason: Approved